# ഇമാം ഔസാഇ (رحمه الله)

തയ്യാറാക്കിയത്: സയ്യിദ് സഅ്ഫർ സ്വാദിഖ്

## ജനനവും നാമവും

അബ്ദുർറഹ്മാനുബ്നു അംറുബ്നു മുഹമ്മദ്, അബൂ അംറുൽ ഔസാഇ. സ്വഹാബികളുടെ കാലഘട്ടത്തിലാണ് ഭൂജാതനായത്. ഉത്തമ നൂറ്റാണ്ട് എന്ന് റസൂലുല്ലാഹ്(ﷺ) വിശേഷിപ്പിച്ച നൂറ്റാണ്ടുകളിലെ രണ്ടാം നൂറ്റാണ്ടിലെ ആദ്യ പകുതിയിലാണ് ഇമാം ജീവിച്ചത്. താബിഉകളിൽ നിന്ന് ഒരുപാട് ഹദീഥുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹംദാൻ ദേശത്തെ ഒരു നാടാണ് അൽഔസാഅ് എന്ന് ഇബ്നു സഅദ് പറഞ്ഞിരിക്കുന്നു. എന്നാൽ മറ്റുചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടത് ദമസ്കസിലെ ബാബുൽ അൽഫറാദിസിന് പുറത്തുള്ള ഒരു ഗ്രാമമാണ് അൽ ഔസാഅ് എന്നത് എന്നാണ്. ബഅ്ലബക്കിലാണ് ഇമാം ഔസാഇ ജനിച്ചത്, 'ബക്കാഅ്ലി'ൽ യതീമായി ഉമ്മയുടെ മടിത്തട്ടിലാണ് ഇമാം ഔസാഇ വളർന്നത്. ഒരു നാട്ടിൽ നിന്ന് മറ്റു നാടുകളിലേക്കിങ്ങനെ യാത്ര ചെയ്ത് കൊണ്ടിരുന്നു അദ്ദേഹം. അതിനിടയിൽ ധാരാളം വിജ്ഞാനം കരഗതമാക്കുകയുണ്ടായി.

ഒരിക്കൽ ഇമാം ഔസാഇ യമാമയിലേക്ക് യാത്രപോയി, അവിടെയുള്ള പള്ളിയിൽ ചെന്ന് നമസ്കരിക്കുകയും ചെയ്തു. ഇത് കാണാനിടയായ 'യഹ്യബ്നു അബൂകഥീർ(رحمه الله)' ഔസാഇയുടെ നമസ്കാരം കണ്ട് അത്ഭുതം കൂറിക്കൊണ്ട് അടുത്ത് ചെന്ന് വിവരങ്ങളന്വേഷിക്കുകയുണ്ടായി. ഇമാം ഔസാഇ അദ്ധേഹത്തോടൊപ്പം കുറച്ച് കാലം തങ്ങുകയും വിജ്ഞാന സമ്പാദനം നടത്തുകയും ചെയ്തു. ഇമാം 'യഹ്യബ്നു അബൂകഥീർ(رحمه الله)' ഇമാം ഔസാഇയോട് പറയുകയുണ്ടായി: താങ്കൾ പെട്ടെന്ന് ബസ്വറയിലേക്ക് പുറപ്പെട്ട് ഹസൻ(رضي الله عنه), ഇബ്നു സീരീൻ(رحمه الله) എന്നിവരെ സന്ദർശിക്കണം. പെട്ടെന്ന് തന്നെ യാത്ര തിരിച്ചു. അവിടെയെത്തിയപ്പോഴേക്കും ഹസൻ(رضي الله عنه) മരണപ്പെടുകയുണ്ടായി, ഇബ്നുസീരീനാവട്ടെ രോഗിയാവുകയും ചെയ്തിരുന്നു. അവിടെ അൽപം താമസിച്ചു, അങ്ങിനെ ഇബ്നു സീരീനും മരണപ്പെട്ടപ്പോൾ അവരിൽ നിന്ന് ഒന്നും കേൾക്കാൻ കഴിയാതെ തിരിച്ചുപോരുകയും ചെയ്തു.

## സ്വഭാവ ഗുണങ്ങൾ

ഇമാം ഔസാഇ ധാരാളം ആരാധനകൾ ചെയ്യുകയും, ഭംഗിയായി നമസ്കരിക്കുകയും, ഐഹിക വിരക്തി കാണിക്കുകയും, ധാരാളം നോമ്പനുഷ്ടിക്കുകയും, ദീർഘനേരം മൗനമായിരിക്കുകയും ചെയ്തിരുന്നു. വലീദുബ്നു മുസ്ലിം പറയുന്നു: 'ഔസാഇയേക്കാൾ അധികമായി ആരാധനകൾ ചെയ്യുന്ന മറ്റൊരാളെയും ഞാൻ കണ്ടിട്ടില്ല.'

## മൊഴിമുത്തുകൾ

ഇമാം ബൈഹഖി തന്റെ 'അൽ അസ്മാഅ് വസ്സ്വിഫാത്ത്' എന്ന ഗ്രന്ഥത്തിൽ 'മുഹമ്മദ്ബ്നു കഥീറുൽ മുസൈസി'യിൽ നിന്നും ഉദ്ധരിക്കുന്നു: 'ഇമാം ഔസാഇ

പറയുന്നതായി ഞാൻ കേട്ടു: താബിഉകൾ ജീവിച്ചിരിക്കെ ഞങ്ങൾ പറയുറുണ്ടായിരുന്നു: തീർച്ചയായും അല്ലാഹു അവന്റ സിംഹാസനത്തിനു മുകളിലാകുന്നു, സുന്നത്തിൽ പരാമർശിച്ചിട്ടുള്ള അവന്റെ മുഴുവൻ വിശേഷണങ്ങളിലും നാം വിശ്വസിക്കുന്നു'.

ബക്കിയ്യത്ത്ബ്നു വലീദ് പറയുന്നു: 'എന്നോട് ഔസാഇ പറയുകയുണ്ടായി: ഓ, ബക്കിയ്യാ! നിന്റെ പ്രവാചകന്റെ അനുയായികളായ സ്വഹാബികളിൽ ആരുടെയും നന്മകളല്ലാതെ നീ പറയരുത്. ഓ, ബക്കിയ്യാ! വിജ്ഞാനം മുഹമ്മദ്(ﷺ)യുടെ സ്വഹാബികളിൽ നിന്ന് വന്നതാണ്, അവരിൽ നിന്ന് വരാത്തത് വിജ്ഞാനമല്ല'.

ഇമാം ഔസാഇ പറയുന്നു: ഒരു വിശ്വാസിക്കല്ലാതെ ഉഥ്മാൻ(﵁)വിനെയും, അലി(﵁)വിനെയും ഒന്നിച്ച് സ്നേഹിക്കാൻ കഴിയില്ല.

## ഹജ്ജ് യാത്ര

ഇമാം ഔസാഇ ഹജ്ജ് ചെയ്യാനായി മക്കയിൽ പ്രവേശിച്ചു, അവിടെ വെച്ച് സുഫയാനുഥൗരിയെ കണ്ടുമുട്ടിയപ്പോൾ ഇമാം ഥൗരി ഔസാഇയുടെ ഒട്ടകത്തിന്റെ കടിഞ്ഞാൺ പിടിക്കുകയും, മാലിക്ബ്നു അനസ് ഒട്ടകത്തെ നയിക്കുകയും ചെയ്ത് കൊണ്ടിരുന്നു. ഇമാം ഥൗരി പറയുകയാണ്: ശൈഖിന് വേണ്ടി വഴി വിശാലമാക്കുവീൻ. അങ്ങിനെ കഅബയുടെ അടുത്ത് ഇമാം ഔസാഇയെ ഇരുത്തിയിട്ട് അവർ രണ്ട് പേരും അദ്ദേഹത്തിന് മുന്നിൽ ഇരുന്നുകൊണ്ട് ദീൻ പഠിക്കുവാനാരംഭിച്ചു!. എന്ത് ആശ്ചര്യജനകമായ കാഴ്ച! ഹൃദ്യമായ കാഴ്ച!

'അറിവിന്റെ മഹത്വവും അത് നേടിയവരുടെ മഹത്വവും അറിവുള്ളവർക്കല്ലാതെ മനസ്സിലാക്കാൻ കഴിയില്ല.'

## അവസാനം

ഇമാം ഔസാഇ പിന്നീട് ദിമശ്ഖിലേക്ക് യാത്ര പോയി, ബൈറൂത്തിൽ സ്വന്തം കുടുബത്തോടൊപ്പം താമസമാക്കുകയുണ്ടായി. അവിടെവെച്ച് ഹിജ്റ: 157ൽ മരണപ്പെട്ടു.

ഇമാം ഔസാഇ വഫാതായപ്പോൾ ജനാസയോടൊപ്പം നാല് തരം സമൂഹം അനുഗമിക്കുകയുണ്ടായി. മുസ്ലീങ്ങൾ ജനാസ വഹിക്കുകയുണ്ടായി, ഒരു ഭാഗത്ത് നിന്ന് ജൂതന്മാരും, മറ്റൊരു ഭാഗത്ത് നിന്ന് ക്രൈസ്തവരും, മറ്റൊരു ഭാഗത്ത് നിന്ന് ഖിബ്തികളും ജനാസയെ അനുഗമിച്ചു. ഇമാം ഔസാഇയിൽ നിന്നും പ്രകാശിച്ച വിജ്ഞാനം കൊണ്ട് ദിമശ്ഖിലെ ജനം 220 വർഷം വരെ ജ്വലിച്ച് നിൽക്കുകയുണ്ടായി. സ്വഹീഹുൽ ബുഖാരി, മുസ്ലിം, അബൂദാവൂദ്, തിർമിദി, നസാഇ, ഇബ്നുമാജ, മുസ്നദുകൾ തുടങ്ങിയ ഹദീഥ് ഗ്രന്ഥങ്ങളിൽ ഇമാം ഔസാഇയിൽ നിന്ന് നൂറുകണക്കിന് ഹദീഥുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### അവലംബം

(ഇമാം ദഅബിയുടെ സിയറു അഅ്ലാമുന്നുബലാഅ്: 7 – ാം വാള്യം 107 മുതൽ 134 വരെയുള്ള പേജുകൾ, ഇബ്നുകഥീറിന്റെ അൽബിദായ വന്നിഹായ 10 ാം വാള്യം 115 മുതൽ 120 വരെയുള്ള പേജുകൾ).